**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1522** **14-03-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലം തുറമുഖത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | null<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം തുറമുഖത്തിന്റെ വികസനത്തിനായി സർക്കാർ പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ; | (എ) | കൊല്ലം തുറമുഖത്തെ ആഴം പടിപടിയായി 12 മീറ്റർ വരെ വർദ്ധിപ്പിക്കുന്നതിന് M/s. KITCO പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള കാർഗോ വാർഫും പാസഞ്ചർ വാർഫും ബന്ധിപ്പിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.തുറമുഖ പരിധിയിൽ സീവേർഡ് പുലിമുട്ടിന് സമീപം ഒരു ഫ്ലോട്ടിംഗ് ഡ്രൈഡോക്ക് സ്ഥാപിക്കുന്നതിന് സ്വകാര്യ ഏജൻസി നൽകിയ പ്രൊപ്പോസൽ കേരള മാരിടൈം ബോർഡ് പരിശോധിച്ചുവരുന്നു. തുറമുഖ പരിധിക്കുള്ളിലെ റോഡുകളും ഓടകളും, തുറമുഖത്തിന്റെ ചുറ്റുമതിലും അതിന് മുകളിലുള്ള മുള്ളുവേലിയും റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തുറമുഖത്തെ അഗ്നിശമന സംവിധാനവും, സിസിടിവിയും ലൈറ്റിംഗ് സംവിധാനവും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി കേരള മാരിടൈം ബോർഡ് സ്വീകരിച്ചു വരുന്നു. തുറമുഖത്ത് ഇമിഗ്രേഷൻ സൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ ഗേറ്റ് ഹൗസിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും കെഐവി ഓഫീസ് ബിൽഡിംഗിന്റെയും നിർമ്മാണം പൂർത്തീകരിച്ചു. കൊല്ലം തുറമുഖത്തിന്റെ വികസനവു മായി ബന്ധപ്പെട്ട് കൊല്ലം മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് പുനരുദ്ധരിക്കുന്നതിനും കൊല്ലം തുറമുഖത്തെ വിവിധ ഗോഡൗണുകളുടെ പുനരുദ്ധാരണത്തിനും ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുറമുഖത്ത് നിലവിലുള്ള സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശം, തുറമുഖത്തിനായി ഇതുവരെ ലഭിച്ചിട്ടുള്ള കേന്ദ്ര സഹായത്തിന്റെ വിശദാംശം എന്നിവ ലഭ്യമാക്കാമോ? | (ബി) | ബ്രേക്ക് വാട്ടർ, 7.2 m ആഴമുള്ള അപ്രോച്ച് ചാനലും ബേസിനും, 187 m നീളമുള്ള കാർഗോ വാർഫ്, 101 m നീളമുള്ള പാസഞ്ചർ വാർഫ്, ഗോഡൗണുകൾ, ട്രാൻസിറ്റ് ഷെഡുകൾ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിൻ, കണ്ടെയ്നർ കയറ്റി വയ്ക്കുന്നതിനുള്ള റീച്ച് |

| | | | |
|---|---|---|---|
| | | | സ്റ്റാക്കറും ഫോർക്ക് ലിഫ്റ്റും, 10 T ശേഷിയുള്ള മൊബൈൽ ക്രെയിൻ, കപ്പലുകളുടെ ബെർത്തിങ്ങിന് സഹായിക്കുന്നതിനായി 6 ടൺ ബൊള്ളാർഡ് പുൾ ശേഷിയുള്ള ടഗ്ഗ്, റഡാർ, AIS, 24 മണിക്കൂർ ഗേറ്റിലെ സെക്യൂരിറ്റി എന്നിവ കൊല്ലം തുറമുഖത്ത് ലഭ്യമാണ്. ഇതിൽ പാസഞ്ചർ ബെർത്ത് കേന്ദ്ര സഹായത്തോടു കൂടി നിർമ്മിച്ചതാണ്. ഇതിനായി 6,51,40,429 രൂപയുടെ കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് ചരക്കുഗതാഗതം സുഗമമാക്കുന്ന- തിനുവേണ്ടി LHM 120, ലിബർ ക്രെയിൻ, കണ്ടെയ്നർ ഹാൻഡ്ലിംഗ് ഫോർക്ക് ലിഫ്റ്റ്, റീച്ച് സ്റ്റാക്കർ, ഹൈഡ്ര 825 ക്രെയിൻ തുടങ്ങിയവ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ